## പതിമൂന്നാം കേരളനിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 682

11.7.2014 ലെ മറുപടിയ്ക്ക്

### വിദ്യാർത്ഥി-അദ്ധ്യാപക അനുപാതമാറ്റം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ.കെ.നാരായണൻ<br>,, എ.കെ.ബാലൻ<br>,, കെ.കുഞ്ഞിരാമൻ (ഉദുമ)<br>,, കോലിയക്കോട് എൻ.കൃഷ്ണൻ നായർ | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) | നിലവിലുള്ള അധിക അദ്ധ്യാപകരെ നിലനിർത്തുന്നതിന് വിദ്യാർത്ഥി-അദ്ധ്യാപക അനുപാത മാറ്റംകൊണ്ട് കഴിയുമോ; | (എ) യും (ബി) യും | 2010-11 ലെ തസ്തിക നിർണ്ണയം തന്നെ 2013-14 ലും തുടരാവുന്നതാണെന്ന് 4.7.2014 ലെ സ.ഉ(പി) നം.124/14/പൊവിവ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ എയ്ഡഡ് മേഖലയിലുള്ള സ്കൂളുകളിൽ തസ്തിക നിർണ്ണയത്തിന് ഒരേ അനുപാതം (1:45) തന്നെയാണ് സ്വീകരിച്ചിട്ടുള്ളത്. എന്നാൽ അപ്രകാരം തസ്തിക നിർണ്ണയം നടത്തുമ്പോൾ അധികമായി വരുന്ന സർക്കാർ, എയ്ഡഡ് സ്കൂൾ അദ്ധ്യാപകരെ നിലനിർത്തുന്നതിനായി മാത്രം നോഷണലായി 1:30/1:35 അനുപാതം ഉപയോഗിക്കാവുന്നതാണ്.2014-15 ലെ തസ്തികനിർണ്ണയം നടത്തിയതിനുശേഷം അധികമായി വരുന്ന അദ്ധ്യാപകരെ 29.11.2013 ലെ 313/13/പൊവിവ നമ്പർ സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായും |
| (ബി) | പുതുക്കിയ അനുപാതം നടപ്പിൽ വരുത്തിയതിനുശേഷം അധികം വരുന്ന അദ്ധ്യാപകരുടെ കാര്യത്തിൽ എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | 4.7.2014 ലെ സ.ഉ.(പി) നം.124/2014/പൊവിവ ഉത്തരവിലെ ഭേദഗതി നിർദ്ദേശങ്ങൾക്കനുസൃതമായു – മാണ് പുനർവിന്യസിക്കേണ്ടത്. അപ്രകാരം പുനർവിന്യസിച്ചതിനുശേഷവും അദ്ധ്യാപകർ അധികമായി വരുന്നുണ്ടെങ്കിൽ അവരെ ഉൾപ്പെടുത്തി ഒരു അദ്ധ്യാപകബാങ്ക് രൂപീകരിക്കുന്നതാണ്. അദ്ധ്യാപക ബാങ്കിന്റെ ഘടനയും പ്രവർത്തനവും സംബന്ധിച്ച കൂടുതൽ വിശദമായ മാർഗ്ഗരേഖകൾ പിന്നീട് പുറപ്പെടുവിക്കുന്നതാണ്. |

സെക്ഷൻഓഫീസർ